# നിർവൃതി

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# നിർവൃതി

Digitized By Kerala Sahitya Akademi

# നിർവൃതി

*An Adaption of Browning's*
***"The Last Ride Together"***

ഗ്രന്ഥകർത്താ:
ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.
ഇടപ്പള്ളി

Publishers:
THE MANGALODAYAM LTD
TRICHUR.

Digitized By Kerala Sahitya Akademi

Composed in Medom 1112
First Impression in Kanni, 1123
(1000 Copies)

*All rights reserved by*
MRS. SREEDEVI CHANGAMPUZHA
"SREEDEVI MANDIRAM"
EDAPPALLY
(N. Travancore)

PRICE:
ANNAS EIGHT

Printed at
The Mangalodayam Press,
Trichur.

Digitized By Kerala Sahitya Akademi

ഏങ്കി,ലെന്നോടു നീയത്രമേലാർദ്രയാ–
ണെങ്കിൽ, നിനക്കിതാ നേരുന്നു നന്ദി ഞാൻ.

ഇപ്പത്തു നീണ്ട സംവത്സരമാശച്ചു
തല്പമൊരുക്കിത്തളർന്ന മൽജ്ജീവനെ,

ഇന്നെങ്കിലുമൊന്നു വിശ്രമിപ്പിക്കുവാ–
നണ്ണിയല്ലോ നീ—കൃതാർത്ഥനായ്ത്തീർന്നു ഞാൻ!

കൈക്കൊള്ളുകോമനേ, മുററുമാത്മാർത്ഥത–
യുൾക്കൊള്ളുമീ മൽകൃതജ്ഞതാശംസ നീ.

നീ തന്നൊരാശാസുമങ്ങളാ സമസ്തവും
നീതന്നെയിന്നു മടക്കി വാങ്ങിച്ചൂണേ!

ലോകത്തിൽ മേലിലെനിച്ചൂവയിങ്കൽനി–
ന്നേകമധുരസ്മരണമാത്രം മതി—



Digitized By Kerala Sahitya Akademi

## നിർവൃതി

പോര, ഞാനർത്ഥിപ്പതന്യായമല്ലെങ്കി-
ലാത്മാമലേ, നിന്നരികിലിന്നിങ്ങനെ,

സല്ലാപലോലനായല്പനേരംക്കൂടി-
യുല്ലസിച്ചീടാനുമുണ്ടെനിക്കാഗ്രഹം.

സമ്മതം മൂളലാലിന്ദ്രധനുസ്സൊന്നു
സഞ്ജനിപ്പിക്കുകെൻമോഹമേഘത്തിൽനീ!

* *
*



Digitized By Kerala Sahitya Akademi

# നിർവൃതി

## രണ്ടു്

ചൊല്ലിഞാനേവം—ഞൊടിക്കുള്ളി,ലോമലിൻ
ചില്ലിക്കൊടികൾ ചുളിഞ്ഞതായ്ക്കണ്ടു ഞാൻ.

പേശലനീലനേത്രങ്ങളിൽ ജ്വാലകൾ
വീശുമഹങ്കാരമല്ലാല്ലമങ്ങനെ,

കെട്ടുകെട്ടൊരന്നോടടങ്ങീ,യനുഭാവ-
പുഷ്ടി വർഷിക്കും സഹതാപവൃഷ്ടിയിൽ!

എന്നിട്ടുമത്യന്തരൂക്ഷമാം കൺമുന-
യെന്നിൽത്തറച്ചൊട്ടൊഴിഞ്ഞുനിന്നാളവൾ.

ജീവിതത്തിന്നും മരണത്തിനും നട-
ക്കാവിധം തത്തി ത്രസിച്ചിതെൻ മാനസം.

ഒററയ്ക്കൊരൊററനിമേഷത്തൊടമ്മട്ടു
പററിപ്പിടിച്ചു കിടപ്പു മൽസർവ്വവും......

ഭാഗ്യം!—ജയിച്ചു ഞാൻ!—രക്തത്തുടുത്തുടു-
പ്പേൽക്കുമാററായ് വീണ്ടുമെൻകവിൾത്തട്ടുകൾ.

ഒന്നുമില്ലെങ്കിലുമെന്നന്ത്യവാഞ്ഛിത-
മിന്നു പാഴാകാതിരുന്നുവല്ലോ, മതി!

തോളോടുതോൾ ചേർന്നു, സല്ലപിച്ചീക്കുളിർ-
നീലശിലാതലത്തിന്മേലനാകുലം,



Digitized By Kerala Sahitya Akademi

# നിർവൃതി

ഒന്നിച്ചിരിക്കാമെനിക്കുമെൻപ്രാണനാം
പൊന്നോമലാൾക്കും—ജയിച്ചു ഞാൻ ഭാഗ്യവാൻ!

ഇത്രയും കാലം സഹിച്ച ജീവവ്യഥ-
ക്കത്രക്കുചിതമീ പ്രത്യൗഷധാമൃതം.

പ്രത്യഹം നിന്നെത്തപസ്സുചെയ്തെങ്കിലും
പ്രത്യക്ഷയാകാതിരുന്നില്ലൊടുവിൽ നീ!

സ്വർഗ്ഗമെൻ മുന്നിൽത്തുറന്നു കാണിക്കുവാൻ
സ്വപ്നോപമം നീയണഞ്ഞു സുദിനമേ!

ആസ്വദിക്കട്ടെ ഞാനാകണ്ഠമിന്നു നീ-
യാർദ്രയായേകുമിദ്ദിവ്യസുധാമൃതം.

ആരറിയുന്നതൊടുങ്ങാതിരിക്കുകി-
ല്ലീ രാത്രികൊണ്ടീപ്രപഞ്ചമെ,ന്നോമനേ!......

* *
*



Digitized By Kerala Sahitya Akademi

മൂന്ന്

ചക്രവാളത്തിലകലെപ്പടിഞ്ഞാറു
പൊൽക്കതിർപ്പൂക്കൾ ചൊരിഞ്ഞുകൊണ്ടങ്ങനെ,

ചന്ദ്രകലയും ചരമദിനേശനും
മന്ദഹസിക്കും മണിത്താരകകളും,

ഒന്നിച്ചനുഗ്രഹി,ച്ചാകർഷകാഭമായ്
മിന്നിത്തിളങ്ങുന്ന പൊന്മുകിൽ മാതിരി,

ഏതോ മഹിതപരിവർത്തനമെൻെറ
ചേതന ചുംബിച്ച — മറെറാരാളായി ഞാൻ!

നിർമ്മലേ, നിൻമനം തേടിയകാരണം
മന്മനമാട്ടുന്നു ഗന്ധർവ്വനർത്തനം.

മായികസ്വപ്നമോജ്ജ്വലാനനേ, മോഹനേ,
മാമകപ്രാണനും പ്രാണനാമോമനേ,

എന്നോടു നിന്നനുഭാവമിതോക്കുമ്പോ-
ഴെന്നെയുംകൂടി മറന്നുപോകുന്നു ഞാൻ!

സൂര്യാസ്തമനവും, ചന്ദ്രോദയവു,മ-
ത്താരപ്രഭയും, വലാഹകദീപ്തിയും,

ഒന്നിച്ചു കൂട്ടിയിണക്കി നിർത്തീടുകി-
ലിന്നിതാ,നിൻ മനോഭാവപ്രകടനം.



Digitized By Kerala Sahitya Akademi

# നിർവൃതി

ആവേശകോല്ലൂടമായാത്മകാമോ–
മാ വലയത്തിനകത്താണു നില്പൂ ഞാൻ.

ദൂരസാമീപ്യങ്ങളില്ലിതിൽ, സർവ്വവും
ചേരുന്നിതെന്നിൽ — ഞാനാവിധമെന്തിലും!

ഈ മഹൽസ്വർഗ്ഗമിതാത്മാവിനുള്ളതാ–
ണോമനേ, മാംസമകന്നു മറയണം.

ഏകനിമേഷമിതിൻ നീണ്ടുനില്പാണു
നാകം — നിരുപമേ, നിർവൃതിയാണു മേ!

ചേർന്നു നില്ക്കുന്നു നാം — മോദവും ഭീതിയും
ചേർന്നു, നില്ക്കുന്നിതെൻ മാറോടു ചേർന്നു നീ!......

*　*
*



Digitized By Kerala Sahitya Akademi

നാല്

ചുററും കള്ളക്കെക്കക്കുമൊഴിമുല്ലകൾ
മുററി മൊട്ടിട്ടൊരി ശ്യാമളകാനനം,

കോകിലാലാപത്തിലാകമാനം സദാ
കോരിത്തരിക്കിലും കേവലം നിർജ്ജനം.

കാലമോ, കാമുകർക്കേററം പ്രിയപ്പെട്ട
കാമദഹേമന്തകാന്തസാമന്തനം.

തൈമണിത്തെന്നലിൻ സൗരഭ്യസാന്ദ്രമാം
കൈ മെയ് മറന്നുള്ള മംഗളാലിംഗനം—

എന്തി,നല്ലെങ്കി,ലിക്കാട്ടും മലയുമ-
ല്ലെന്തും നവീനം—പരം മനോമോഹനം!

ചെന്തിരിക്കാമാശ്ശിലാതളിമത്തിങ്ക-
ലൊന്നിച്ചുതോൾ ചേർന്നിനി നമുക്കാമനേ!

കാറകന്നാദിത്യകാന്തിയാററാടിയ
താരാപഥംപോൽത്തെളിഞ്ഞിതിന്നെൻ മനം.

കാലത്തു തൈമണിക്കാററിൽപ്പനീരലർ-
പോലതാടുന്നു ചിരിച്ചുകൊണ്ടങ്ങനെ.

പിന്നിലകലെക്കിടപ്പൂ വെറുങ്ങലി-
ച്ചൊന്നോടെയെൻ ഭൂതകാലനിരാശകൾ!



Digitized By Kerala Sahitya Akademi

## നിർവൃതി

മുള്ളാണു നീളെ നിറഞ്ഞു കിടപ്പതു
മുല്ലമലരല്ല ജീവിതപ്പാതയിൽ.
ആവശ്യമെന്തെനിക്കമ്മട്ടിലായതി-
ലാവേശപൂർവ്വം പരിഭവിച്ചീടുവാൻ?

അന്നതു ചൊന്നെങ്കി,ലന്നിതു ചെയ്തെങ്കി-
ലന്നതു നേടാ,നതന്നു നഷ്ടപ്പെടാൻ,
കത്തീടുമായിരുന്നെന്നുള്ള ചിന്തയേ
ചിത്തത്തിൽനിന്നു ബഹിഷ്കരിക്കുന്നു ഞാൻ!
മോഹിച്ചു ഞാനിത്ര കാലവു,മെങ്കിലും
സ്നേഹമെന്നോടവൾക്കുണ്ടായിരുന്നുവോ?
എവമുണ്ടായിരുന്നെങ്കിൽ—വെറുക്കാനു-
മാവാമവൾക്കതേമട്ടിലെന്നെ സ്വയം.
ആർക്കു സാധിക്കും പറയാ,നതൊന്നുമി-
ന്നോർക്കുവാനിപ്പോളൊരുമ്പെടുന്നില്ല ഞാൻ.
ആകയാ,ലാവക യാതൊന്നുമോർക്കുവാൻ
പോകാതിരിപ്പതാണേററവുമുത്തമം!
കൈയും പോട്ടെ— കവിളിൽ കവിൾ ചേർത്തു
നിൽക്കുന്നിതിങ്ങിതാ ഞാനുമെൻ പ്രാണനും!...

* *
*



Digitized By Kerala Sahitya Akademi

### അഞ്ചു്

കർമ്മോക്തികളിൽ പരാജിതനാകുന്ന-
തിമ്മന്നിൽ ഞാൻ മാത്രമാണോ, നിനയ്ക്കുകിൽ?

എന്തി,നെല്ലാവരും യത്നിപ്പൂ തീവ്രമാ-
യെന്തിലു,മെന്നാൽ ജയിക്കുവോരാരതിൽ?

സല്ലപിപ്പൂ ഞങ്ങളൊന്നിച്ചിരുന്നു, ഞാ-
നല്ലീ ജഗത്തിലവരിലും ഭാഗ്യവാൻ?

അന്യലോകങ്ങൾ നവീനനഗരങ്ങ-
ളന്യൂനശോഭങ്ങൾ കണ്ടുകണ്ടങ്ങനെ,

പൊന്നിൻ ചിറകടിച്ചെന്നന്തരാത്മാവു
പൊങ്ങിപ്പറന്നുപോംപോലെ തോന്നുന്നു മേ!

രണ്ടുവശത്തും പ്രപഞ്ചമിരച്ചാർത്തു-
കൊണ്ടു കുതിക്കെ, ഞാൻ ചിന്തിക്കയാണിദം:—

യത്നം, പതനം, പരാജയം—പിന്നെയും
യത്നം—സഹനസമരമിതത്ഭുതം!

കർമ്മപ്രപഞ്ചം കുതിപ്പൂ മുന്നോട്ടു, നീ
കണ്ണൊന്നയയ്ക്കുകാ കർമ്മസമാപ്തിയിൽ.



Digitized By Kerala Sahitya Akademi

## നിർവൃതി

നിർവ്വഹിക്കപ്പെട്ടതായ നിസ്സാരവും
നിർവ്വഹിക്കപ്പെടാത്തുള്ള നിസ്സീമവും;

ഇന്നത്തെയീ വർത്തമാനവു,മാശതൻ
പൊന്നൊളി പൂശി മറഞ്ഞൊരാരാബ്ഭൂതവും;

തമ്മിലെന്നിട്ടൊന്നു താരതമ്യംചെയ്തു
നിർണ്ണയിച്ചാലുമവക്കെഴുമന്തരം.

സ്നേഹിക്കുമെന്നുമാത്മാർത്ഥമായീ വിശ്വ-
മോഹിനിയെന്നെ,യെന്നാശിച്ചിരുന്നു ഞാൻ.

ഇല്ല പരിഭവം തെല്ലു,മെന്തി,ന്നിതാ
സല്ലപിപ്പു ഞങ്ങൾ—ഭാഗ്യവാനല്ലി ഞാൻ!......

*   *
*



Digitized By Kerala Sahitya Akademi

# നിർവൃതി

ആറ്

എന്തു കൈയും തലച്ചോറുമാണൊന്നിച്ചു
സന്തതം ചേർന്നുപോയിട്ടുള്ളതുഴിയിൽ?

എന്തു മനസ്സിനൊത്തിട്ടുണ്ടിണക്കുവാൻ
ചിന്തയോടൊന്നിച്ചുതന്നെ സംരംഭവും?

എന്തു കർമ്മം വെളിവാക്കിയിട്ടുണ്ടതിൻ
ചിന്താശതങ്ങൾതൻ പൂർണ്ണരൂപങ്ങളെ?

ഹന്ത, മാംസത്തിൻ യവനികാബാധവി-
ട്ടെന്താത്മശക്തി നിന്നിട്ടുണ്ടവനിയിൽ?

ഞങ്ങളൊന്നിച്ചിരിക്കുന്നു, നെടുവീർപ്പു
പൊങ്ങിയുലയുന്നിതോമലിൻ മാർത്തടം.

ഒന്നല്ലൊരായിരം രത്നകിരീടങ്ങൾ
മന്നിലു,ണ്ടെത്തിപ്പിടിക്കുവാനൊക്കുകിൽ:

എന്തി,നവയും ചുമന്നു നിന്നിട്ടു, ചെ-
ന്നന്ത്യത്തിൽ വിസ്മൃതിക്കുള്ളിലടിയുവാൻ!

പത്തു വരിക,ളടങ്ങിയവയില-
ത്യുത്തമരാജ്യതന്ത്രജ്ഞൻെറ ജീവിതം.

അസ്ഥികൾകൊണ്ടു പടുത്തുള്ളൊരദ്രിത-
ന്നഗ്രഭാഗത്തൊരു ചഞ്ചലൽപ്പൊൻകൊടി—



Digitized By Kerala Sahitya Akademi

## നിർവൃതി

എന്തതെന്നോ?—വാഠംത്തലച്ചൊരിത്തീപ്പൊരി
ചിന്തിയൊരുഗ്രഭടാഗ്രിമവിക്രമം

എന്തവൻ നേടി?—വെറുമൊരു കാററുവ-
ന്നന്തിയാൽ വീഴുമൊരു വെറും ചെങ്കൊടി!

കൂട്ടക്കൊലയിൽ വിറയ്ക്കാത്തൊരക്കരം
കൂട്ടൊന്നുമില്ലാതടിഞ്ഞുപോയ്പ്പൂഴിയിൽ.

ചാരം, സമസ്തവും ചാരം, ചിരിക്കുന്നു
ചാരെ ശ്മശാനം—കുതിക്കുന്നു ജീവിതം!

സമ്മതിക്കാതിരിക്കില്ലിവ,രെൻ നമ്മ-
സല്ലാപമാണിവയെക്കാളുമുത്തമം!......

* *



Digitized By Kerala Sahitya Akademi

ഏഴ്

വ്യർത്ഥമീ യത്നം, മിക്കാണുന്നാവയെല്ലാമെ-
യർത്ഥമെന്താണൊന്നു ചൊല്ലിത്തരൂ, കവേ!

സംഗീതസാന്ദ്രമായ് സ്പന്ദിപ്പതല്ലി, ഹാ,
മംഗളാത്മൻ, ഭവൽദിവ്യമസ്തിഷ്കം?

ഞങ്ങളനുഭവിക്കുന്നവമാത്രമാ-
ണങ്ങു വർഷിപ്പതീ വാങ്മയധാരയിൽ,

അന്തരാത്മാവിലങ്ങാഞ്ഞുപുൽകുന്നൊരാ-
സ്സുന്ദരവസ്തുക്കളൊക്കെയുമൊന്നുപോൽ,

വിട്ടിട്ടു പോകുമാ മായികമുദ്രകൾ
പട്ടുനൂലിൽക്കോർത്തു മാല തീർപ്പൂ ഭവാൻ.

അർത്ഥവും വാക്കും കരംകോർത്തു സംഗീത-
തല്പത്തിലങ്ങിരുന്നാടുന്നു യഥോചിതം;

ഈ മഞ്ജുനീലശിലാതലത്തിങ്കലെ-
ന്നോമലും ഞാനും ലസിക്കുന്നമാതിരി!



Digitized By Kerala Sahitya Akademi

## നിർവൃതി

അല്പമേതാണ്ടൊരു സാരവത്താണ,ത-
ല്ലത്യന്തമാണതിൻ പ്രാധാന്യമോക്കുകിൽ.

എന്നാലഖിലമാശിച്ച യത്നിപ്പാ-
ന്നിധി കൈവശം നേടിവെച്ചോ ഭവാൻ?

ദീനൻ, ദരിദ്ര,നകാലവാർദ്ധക്യവാ-
നാണവരെപ്പോൾ ഭവാനും മഹാമതേ!

കഷ്ട,മൊരൊററവരിയെങ്കിലുമൊന്നു
കുത്തിക്കുറിക്കാത്ത ഞങ്ങളെക്കാട്ടിലും,

എന്തെന്തു മേന്മക്കു പാത്രമാനായ് ഭവാൻ?
ഹന്ത, വിഫലം, വിഫലം സമസ്തവും!—

ഈ നമ്മസല്ലാപ,മെന്നാ,ലനുഭൂതി-
യാണെനിക്കേകുന്ന,താസ്വദിക്കട്ടെ ഞാൻ!!...

*  *
*



Digitized By Kerala Sahitya Akademi

## എട്ട്

ശില്പതന്ത്രജ്ഞ, ഭവൽസിദ്ധിയും വെറും
സ്വപ്നം—ജയിച്ചതില്ലങ്ങു പരീക്ഷയിൽ.

അക്കലാലക്ഷ്മിക്കടിമയായ്ജ്ജീവിതം
മുക്കാലുമർപ്പിച്ചധഃപതിച്ചു ഭവാൻ.

മന്ദാക്ഷലോലയായ്പ്പുന്തടിച്ചുംകൊണ്ടു
മന്ദസ്മിതം പെയ്തു നിൽപ്പൂ തിലോത്തമ.

തർപ്പിച്ചു തൻജീവരക്തം മുഴുവനും
കല്പനാതീതമാശ്ശില്പത്തിനായ് ഭവാൻ.

എന്നാലതിൻ നേർക്കു കണ്ണൊന്നെറിഞ്ഞിട്ടു
പിന്നെയും ഞങ്ങൾ തിരിപ്പൂ ശിരസ്സുകൾ;

അപ്പുഴവക്കിൽക്കടത്തുവള്ളത്തിലു-
ള്ളപ്പെൺകിടാവിനെ നോക്കി രസിക്കുവാൻ!

അത്ര നിസ്സാരമാം സിദ്ധിയിൽസ്സംതൃപ്തി
ചിത്തത്തിലങ്ങയ്ക്കു തോന്നുമോ?—തോന്നുകിൽ,

എന്നാത്മവാഞ്ഛിതം സാധിച്ചതായ ഞാൻ
പിന്നെപ്പരിതൃപ്തനായിച്ചമയുമോ?...



Digitized By Kerala Sahitya Akademi

## നിർവൃതി

ഗായക, സന്തതാലാപത്തിലങ്ങത-
ന്നായുസ്സു പാടേ നരച്ചിട്ടുമിപ്പൊഴും,

കഷ്ട,മിന്നേകസഹൃത്തിൽനിന്നങ്ങേയ്ക്കു
കിട്ടിയിട്ടുള്ളതീയാശംസ മാത്രമോ?

"ഗന്ധർവ്വനെപ്പോലെ പാടു,മാ വീണയിൽ
ബന്ധുരഗാനം തുളുമ്പിയ്ക്കുമാ മഹാൻ!

എങ്കിലും നാളത്തെ ലോകം മതിക്കുന്ന-
തെന്തെന്നു ഞങ്ങൾക്കറിഞ്ഞിടാം സ്പഷ്ടമായ്.

ഗാനകലയിലക്കാലഗതിക്കൊത്തു
നൂനമണയും പല പരിവർത്തനം!"

ഞാനും പറയാ,മതേ, വിസ്മൃതൻതന്നെ
ഗാനാത്മകൻ ഭവാൻ നാളെ, മഹാമതേ!

ഞാനുമെൻർയൗവ്വനം നല്കി—നിരാശയി-
ല്ലാനന്ദമല്ലീ പകരം ലഭിച്ചുമേ!

സല്ലപിപ്പൂ ഞങ്ങൾ—ഞാനുമെന്നോമലും—
നല്ലതു, നിങ്ങളേക്കാട്ടിൽ ഞാൻ ഭാഗ്യവാൻ!!...

*   *
*



Digitized By Kerala Sahitya Akademi

## ഒൻപതു്

ആർക്കു സാധിക്കും നമുക്കു വേണ്ടുന്നതി-
ലേറെയുമുത്തമമിന്നതെന്നോതുവാൻ?

ഈ നർമ്മസല്ലാപരംഗം മതി—യിതാ-
ണാനന്ദരംഗം—മഹൽസ്വർഗ്ഗമണ്ഡപം.

ഇങ്ങുവെച്ചിങ്ങുവെച്ചാസ്വദിക്കട്ടെയീ
മംഗലാപാംഗിതൻ മാധുരിയൊക്കെ ഞാൻ.

ഏകനിമേഷമിതിൻ നീണ്ടു നില്പാണു
ലോകം പുകഴ്ത്തുന്ന നാകം—വിജയി ഞാൻ!

ഇല്ല പരലോകചിന്തയ്ക്കണുപോലു-
മില്ലിടമീയന്ത്യസല്ലാപവേദിയിൽ

ആസ്വാദനം, വെറുമാസ്വാദനംമാത്ര-
മാശ്രയിച്ചാണിതിൻ സർവ്വസാഫല്യവും!...

* *
*





Digitized By Kerala Sahitya Akademi

## പത്ത്

ഇല്ല കളയാനൊരു നിമേഷംപോലു-
മല്ലല്ലിതെ,ന്താക്കഥയേ മറന്നു ഞാൻ!

ഇത്രയും നേരമായിട്ടുമൊരക്ഷരം
ശബ്ദിക്കുവാനൊന്നൊരുങ്ങിയിട്ടില്ലിവൾ!

മൗനം, സമസ്തവും കേട്ടിട്ടുമിപ്പൊഴും
മൗനം—നതാനനം, വിഹ്വലാലോകനം.

യൗവനത്തിങ്കൽ നാം നോക്കുന്നു പുറ്റിലും
നിർവ്വാണമത്തിൽ മിഴിയുറപ്പിക്കുവാൻ.

ആയതു കണ്ടെത്തിയെന്നാ,ലധീനത്തി-
ലായാ,ലതുതന്നെ നാകത്തിലെസ്സുഖം!

ഹാ, നാകസൗഖ്യം മുഴുവനെനിക്കിങ്ങു
വേണമെന്നാണാ വിധിമതമെങ്കിലോ.—

ആവിധം ഞാനൊരുടമ്പടി ചെയ്താണു
ഭൂവിതിലാഗമിച്ചിട്ടുള്ളതെങ്കിലോ!—

എന്നിരുന്നാലും നയിക്കേണ്ടതാണൊരാൾ-
ക്കന്ത്യലോകത്തും കുറച്ചൊരു ജീവിതം!



Digitized By Kerala Sahitya Akademi

## നിർവൃതി

ദൂരെയാണാ മഹത്സ്വർഗ്ഗം—സ്വയം മൃതി-
ദ്വാരം തുറക്കപ്പെട്ടേണം—ക്ഷമിക്കണം.
അങ്ങു ചെന്നീടിലും വിശ്വസിച്ചീടുന്ന-
തെങ്ങനെ സിദ്ധിയ്ക്കുമീസ്സുഖമെന്നു ഞാൻ?
നിസ്തുലസ്വർഗ്ഗത്തെ നേടിയിട്ടാവണം
നിഷ്കുണ്ഠതാ മരണത്തെയും കാത്തു നാം.
ഇന്നീ മനോജ്ഞവിജയമാല്യത്തിനാ-
ലെന്നാത്മരംഗം വിലാസഹാസോജ്ജ്വലം
നിർമ്മലമാകുമീ നിർവൃതിപ്പൂണ്ടുമാ
നിങ്ങൾ പുകഴ്ത്തുമസ്വർഗ്ഗലോകത്തു ഞാൻ?
ഒന്നു പരീക്ഷിച്ചുനോക്കിയാലോ?—വേണ്ട
പിന്നോട്ടു ഞെട്ടിത്തിരിഞ്ഞൊഴിയുന്നു ഞാൻ.
ഈ ലോകമിത്രയ്ക്കു നന്നാണിതിലേറെ
മേലെയായ്ത്തോന്നുമോ നാകം നമുക്കിനി?
സ്വർഗ്ഗത്തിൽ വെച്ചിസ്സുഭഗയെക്കാണുവാ-
നൊക്കുമെന്നോ വീണ്ടു,മെന്തു മിഥ്യാഭ്രമം!
ഭാവപ്രസന്നസുശക്താഭിരാമരായ്
ജീവിതത്തിന്റെ സുവർണ്ണഘട്ടത്തിൽ നാം
നില്ക്കുമ്പോളഗ്രിമസ്ഥാനസ്ഥമാ,യത്ര
നിസ്തുലമാ,യെന്തിനെക്കൊതിക്കുന്നുവോ,



Digitized By Kerala Sahitya Akademi

# നിർവൃതി

നമ്മോടതൊത്തുചേർന്നീടുകിൽ, സ്വർഗ്ഗമ-
തിമ്മന്നിലെത്തി— ഹാ, നേടി നാം നിർവൃതി!

എന്തായിരിക്കും കരത്തിൽ കരം കോർത്തു
സന്തതമിങ്ങനെ സല്ലാപലോലരായ്,

ആകല്പകാലം, മരിക്കാതെ, യൗവ്വനം
പോകാതെ, നിത്യം പുലരും പുതുമയിൽ,

സന്തുഷ്ടരായ്, ബാഹ്യതയൊഴിച്ചൊന്നിലു-
മന്തരമേശാതെ ഞങ്ങൾ ജീവിക്കുകിൽ?—

എന്തായിരിക്കും ക്ഷണികനിമേഷമി-
തന്തമററങ്ങനെ നീണ്ടുപോയിടുകിൽ?—

സാക്ഷിനിന്നീടുകെൻ സ്വർഗ്ഗമേ, നീയെൻെറ
മോക്ഷത്തി,ലീ മമ സായൂജ്യതൃപ്തിയിൽ!—

എന്നെന്നുമിങ്ങനെ ഞാനുമെന്നോമലു-
മൊന്നിച്ചിരുന്നു രസിച്ചു സുഖിപ്പതിൽ!—

മോക്ഷ,മിതാണെൻെറ മോക്ഷ,മിതിനൊന്നു
സാക്ഷിനില്ക്കേണമേ നീ മഹൽസ്വർഗ്ഗമേ!...

ഇടപ്പള്ളി,
6—9—1112



Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ (18-ാംപതിപ്പ്). | 1 | 8 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 8 | 0 |
| ദിവ്യഗീതം | 1 | 8 | 0 |
| മാണപ്പൂക്കൾ | 1 | 0 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| കളിത്തോഴി | 2 | 8 | 0 |
| വത്സല | 0 | 8 | 0 |
| ആരാധകൻ | 0 | 8 | 0 |
| മോഹിനി | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| തിലോത്തമ | 0 | 8 | 0 |
| കലാകേളി | 0 | 12 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| ചൂഡാമണി | 1 | 0 | 0 |
| കരടി | 0 | 8 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| ആകാശഗംഗ | 1 | 0 | 0 |
| യവനിക | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |

മംഗളോദയം ലിമിററഡ്,
തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

# പുതിയ പുസ്തകങ്ങൾ

| | | | |
|---|---|---|---|
| 1. | മനുഷ്യൻ 2-ാംപതിപ്പ് (കെ. ദാമോദരൻ) | 2 | 0 |
| 2. | ഉരുപ്പിക | 1 | 8 |
| 3. | നാണയപ്രശ്നം ,, | 1 | 4 |
| 4. | കതിർക്കറ്റ (പി. സി. കുട്ടികൃഷ്ണൻ.) | 1 | 4 |
| 5. | ജില്ലാപ്പോലീസ് (ജെ. മുണ്ടശ്ശേരി) | 1 | 0 |
| 6. | പ്രേമലേഖനം (വൈക്കം മുഹമ്മദ് ബഷീർ) | 1 | 0 |
| 7. | പ്രവാഹം (പി. കേശവദേവ്.) | 1 | 0 |
| 8. | മുന്നോട്ട് ,, | 1 | 4 |
| 9. | വൈജയന്തി (പൊറ്റെക്കാട്ട്.) | 1 | 8 |
| 10. | മണിമാളിക 2-ാംപതിപ്പ് ,, | 1 | 8 |
| 11. | വാല്ക്കണ്ണാടി (എം. ആർ. ബി.) | 1 | 0 |
| 12. | സൌന്ദര്യനിരീക്ഷണം (എം. പി. പോൾ.) | 0 | 12 |
| 13. | പുരോഗതി (എം. സി. ജോസഫ്) | 1 | 4 |
| 14. | ചില ഭരണഘടനകൾ (വി. സി. ചാക്കോ.) | 1 | 4 |
| 15. | നഖലാളനങ്ങൾ (ഈ. എം. കോവൂർ.) | 1 | 8 |
| 16. | വഴിവിളക്കുകൾ ,, | 1 | 8 |
| 17. | പതിതപങ്കജം (തകഴി) | | 4 |
| 18. | നാഴികമണി (നാഗവള്ളി) | 1 | 4 |
| 19. | നീരാവി (പൊൻകുന്നംവർക്കി.) | 1 | 0 |
| 20. | ഏഴകൾ | 1 | 4 |
| 21 | ജയിലിൽനിന്ന് ,, | 1 | 4 |
| 22. | തുറന്നവാതിൽ (ദാഹി.) | 1 | 4 |
| 23. | നിർമ്മല (പ്രേംചന്ദ്) | 2 | 4 |
| 24. | വാത്സ്യായനന്റെ കാമശാസ്ത്രം ഒന്നാംഭാഗം. | 3 | 8 |
| 25. | ,, രണ്ടാംഭാഗം. | 2 | 8 |
| 26. | നിത്യജീവിതത്തിലെ രതിശാസ്ത്രം. | 2 | 0 |
| 27. | മാതൃകാമാതൃത്വം. (മിസിസ് ഹെലൻ തോമസ്) | 1 | 4 |
| 28. | ദാമ്പത്യപ്രേമം | 1 | 8 |
| 29. | ശബ്ദങ്ങൾ (ബഷീർ) | 1 | 8 |

മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ

Digitized By Kerala Sahitya Akademi